ENVIRONMENT



# 5 സെന്റിൽ 120 ഇനങ്ങളിൽപെട്ട അഞ്ഞൂറിലേറെ ചെടികൾ; കനകക്കുന്നിന് കുടയായി മിയാവാക്കി

മനോരമ ലേഖകൻ
JUNE 05, 2020 02:17 PM IST



തിരുവനന്തപുരം നഗരത്തിന്റെ ശ്വാസനാളമാണ് കനകക്കുന്നിലെ മിയാവാക്കി വനം. 5 സെന്റിൽ 120 ഇനങ്ങളിൽപെട്ട അഞ്ഞൂറിലേറെ ചെടികൾ. സംസ്ഥാനത്തു പൊതുസ്ഥലത്തു വച്ചുപിടിപ്പിച്ച ആദ്യ മിയാവാക്കി വനം. പ്രഫ. വി.കെ.ദാമോദരൻ ചെയർമാനായ നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻ ഫൗണ്ടേഷനാണ് ടൂറിസം വകുപ്പിനുവേണ്ടി 2019 ജനുവരിയിൽ വനം വച്ചുപിടിപ്പിച്ചത്. ഇൻവിസ് മൾട്ടി മീഡിയ, കൾച്ചർ ഷോപ്പി തുടങ്ങിയ സ്ഥാപനങ്ങൾ സഹായിച്ചു.

ആദ്യം ഒന്നര മീറ്ററോളം ആഴത്തിൽ കുഴിയെടുത്ത് ജൈവമാലിന്യം നിറച്ചു. ഇതിനു മുകളിൽ രണ്ടടിയോളം കനത്തിൽ ചകിരിച്ചോറും ചാണകപ്പൊടിയും ഉമിയും മണ്ണും അടങ്ങിയ മിശ്രിതമിട്ടു. ഈർപ്പം നഷ്ടമാകാതിരിക്കാൻ വൈക്കോൽപുതപ്പുമൊരുക്കി. ചുറ്റും ചെറുമതിൽ കെട്ടി അതിനു മുകളിൽ കമ്പിവല പടർത്തി മിയാവാക്കിക്കു സുരക്ഷയൊരുക്കി. വളമോ കീടനാശിനികളോ ഉപയോഗിച്ചില്ല.

ഒരു പ്രദേശത്തു സ്വാഭാവികമായി വളരുന്ന സസ്യങ്ങൾ മാത്രം നട്ടുവളർത്തണം എന്നതാണ് മിയാവാക്കി രീതിയുടെ അടിസ്ഥാന തത്വങ്ങളിലൊന്ന്. എന്നാൽ, ഇവിടെ 10% അധിനിവേശ സസ്യങ്ങളുമുണ്ട്. പക്ഷികൾക്കു ഭക്ഷണത്തിനും മറ്റുമായാണിത്. താന്നി, ആര്യവേപ്പ്, രാമച്ചം, നൊച്ചി, നീർമാതളം, എല്ലൂറ്റിപ്പച്ച, അരയാൽ, പേരാൽ, ചമത, അശോകം തുടങ്ങിയവയാണു നട്ടുവളർത്തിയത്. ചതുരശ്ര മീറ്ററിൽ 3 മുതൽ 5 വരെ തൈകൾ.

കഴിഞ്ഞ 17 മാസം കൊണ്ട് 32 അടിയോളം (9 മീറ്ററിലേറെ) വളർന്നു. ഇതു ലോക റെക്കോർഡാണെന്നു ടൂറിസ വകുപ്പു പറയുന്നു. ജപ്പാനിൽ പ്രതിവർഷം പരമാവധി 2 മീറ്റർ വളർച്ച രേഖപ്പെടുത്തുമ്പോഴാണ് കനകക്കുന്നിൽ 17 മാസം കൊണ്ട് 9 മീറ്ററിലധികം വളർച്ച.

പ്രഫ. അകിറ മിയാവാക്കിയുടെ ശിഷ്യരായ ഡോ.ഫ്യൂജിവാര കസ്യൂവും ഡോ.യൂജിൻ ബോക്സും ഇക്കഴിഞ്ഞ ജനുവരിയിൽ കേരളത്തിലെ മിയാവാക്കി വനങ്ങൾ സന്ദർശിച്ചിരുന്നു. ഇവിടത്തെ അഭൂതപൂർവമായ വളർച്ചയ്ക്കു കാരണം ഒരുപക്ഷേ, 6 മാസം നീണ്ടുനിൽക്കുന്ന മഴക്കാലമാവാം എന്നവർ പറഞ്ഞു. ചെടികളുടെ വളർച്ചയ്ക്കു വിഘാതമാവുന്ന കഠിനമായ മഞ്ഞുകാലം കേരളത്തിലില്ല എന്നതും വളർച്ചയെ സഹായിച്ചു.

നഗരങ്ങളിൽ അപൂർവമായി മാത്രം കാണപ്പെടുന്ന 'സൈരന്ധ്രി നത്ത്' ഇരിപ്പുറപ്പിച്ചതോടെ കനകക്കുന്നിലെ വനം പരിസ്ഥിതിപ്രേമികളുടെ ശ്രദ്ധയാകർഷിക്കുന്നു. സംസ്ഥാനത്ത് ഇത്തരം വനങ്ങൾ വ്യാപകമാക്കാൻ വിനോദസഞ്ചാര വകുപ്പ് തീരുമാനിച്ചതായും ടെൻഡർ നടപടികൾ അന്തിമഘട്ടത്തിലാണെന്നും ടൂറിസം ഡയറക്ടർ പി.ബാലകിരൺ പറഞ്ഞു.

**എന്താണ് മിയാവാക്കി?**

ചുരുങ്ങിയ സ്ഥലത്ത് കൃത്രിമമായി നിർമിച്ചെടുക്കുന്ന വനമാണ് മിയാവാക്കി. പ്രശസ്ത ജാപ്പനീസ് സസ്യശാസ്ത്രജ്ഞൻ പ്രഫ.അകിറ മിയാവാക്കി 1970ൽ വികസിപ്പിച്ചെടുത്ത വനനിർമാണ മാതൃകയാണിത്.
കാലാവസ്ഥാവ്യതിയാനത്തെ തടയാൻ ഇത്തരം വനങ്ങൾക്കു കഴിയുമെന്നാണു വിലയിരുത്തൽ. മൂന്നു വർഷംകൊണ്ട് മരങ്ങൾക്കു 30 അടി ഉയരം, 20 വർഷത്തിനുള്ളിൽ 100 വർഷം പഴക്കമുള്ള മരത്തിന്റെ രൂപം - ഇതാണു മിയാവാക്കിയുടെ മാസ്മരികത.